ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**<u>നടപടിക്രമം</u>**

സാങ്കേതികം - വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം - തിരുവനന്തപുരം - ഈ വകുപ്പിൽ ട്രേഡ്സ്മാൻ (ഇലക്ട്രോണിക്സ്) തസ്തികയിൽ സേവനത്തിലുണ്ടായിരിക്കുകയും വ്യവസായ പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് നിയമന ഉത്തരവ് ലഭിച്ച് ടി വകുപ്പിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്ത - ശ്രീ ദിലീപ് എം - ശ്രീ അഖിൽ കെ ഗോപി എന്നിവരെ മാതൃവകുപ്പിൽ ട്രേഡ്സ്മാൻ (ഇലക്ട്രോണിക്സ്) തസ്തികയിലേക്ക് പുനർനിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം ( ബി ) വിഭാഗം**

**നം. DTETVM/1237/2025-EB3 (EB)** **തിരുവനന്തപുരം, തീയതി : 19-02-2025**

---

വായന :-

1. വ്യവസായ പരിശീലന വകുപ്പ് ജോയിൻറ് ഡയറക്ടറുടെ **19.09.2024** തീയതിയിലെ **DT/4152/2024-A2** നമ്പർ ഉത്തരവ്.

2. ഇടുക്കി ഗവ. എഞ്ചിനിയറിംഗ് കോളേജ് പ്രിൻസിപ്പാളിൻറെ **25.11.2024** തീയതിയിലെ **E2/756/GECI/2024** നമ്പർ ഉത്തരവ്.

3. വണ്ടിപെരിയാർ ഗവ. പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിൻറെ **30.09..2024** തീയതിയിലെ **E/1669/24/**ജിപിസി - വിപിആർ നമ്പർ ഉത്തരവ്.

4. **23.01.2025** തീയതിയിലെ വ്യവസായ പരിശീലന വകുപ്പ് ട്രെയ്നിംഗ് ഡയറക്ടറുടെ **DT/202/2025-A2** നം. കത്ത്.

5. **2025**-ലെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച് ഈ കാര്യാലയം പുറപ്പെടുവിച്ചിട്ടുള്ള **14.01.2025** തീയതിയിലെ **EC5/11517/2024/EC5(EC)** നമ്പർ സർക്കുലർ.

**<u>ഉത്തരവ്</u>**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ, ഇടുക്കി ഗവ. എഞ്ചിനിയറിംഗ് കോളേജ് ,

വണ്ടിപെരിയാർ ഗവ. പോളിടെക്നിക് കോളേജ് എന്നിവിടങ്ങളിൽ ട്രേഡ്സ്മാൻ (ഇലക്ട്രോണിക്സ്) തസ്തികകളിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.അഖിൽ കെ ഗോപി, ശ്രീ.ദിലീപ് എം എന്നിവർക്ക് പരാമർശം (1) ലെ ഉത്തരവ് പ്രകാരം വ്യവസായ പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനം ലഭിച്ചതിനാൽ, പരാമർശം (2) , (3) പ്രകാരം ടി ജീവനക്കാരെ ഈ വകുപ്പിൽ നിന്നും വിടുതൽ ചെയ്യുകയും തുടർന്ന് വ്യവസായ പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തിരുന്നു.
എന്നാൽ പ്രസ്തുത വകുപ്പിൽ തുടരാൻ താൽപര്യമില്ലാത്തതിനാൽ, മാതൃവകുപ്പിലെ ട്രേഡ്സ്മാൻ (ഇലക്ട്രോണിക്സ്) തസ്തികയിലേക്ക് പുനർനിയമനം ആവശ്യപ്പെട്ട് ശ്രീ.അഖിൽ കെ ഗോപി, ശ്രീ.ദിലീപ് എം എന്നിവർ സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം മേൽ നടപടികൾക്കായി വ്യവസായ പരിശീലന വകുപ്പ് ട്രെയ്നിംഗ് ഡയറക്ടർ ഈ വകുപ്പിലേക്ക് അയച്ചുതന്നിരിക്കുന്നു.
ഈ സാഹചര്യത്തിൽ ശ്രീ.അഖിൽ കെ ഗോപി, ശ്രീ.ദിലീപ് എം എന്നിവരെ 1958 ലെ കേരള സ്റ്റേറ്റ് ആൻ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ ഭാഗം II ചട്ടം 8 ലെ വ്യവസ്ഥകൾ പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ചുവടെ പട്ടിക പ്രകാരം ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ പുനർനിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര് & തസ്തിക | പുനർനിയമനം നൽകുന്ന സ്ഥാപനം |
|---|---|---|
| 1 | അഖിൽ കെ ഗോപി<br>ട്രേഡ്സ്മാൻ (ഇലക്ട്രോണിക്സ്) | ഗവ. എഞ്ചിനിയറിംഗ് കോളേജ് , തൃശ്ശൂർ. |
| 2 | ദിലീപ് എം<br>ട്രേഡ്സ്മാൻ (ഇലക്ട്രോണിക്സ്) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & ഗവ. പോളിടെക്നിക് കോളേജ് , ഷൊർണൂർ |

ടി ജീവനക്കാർ നിയമന ഉത്തരവ് കൈപ്പറ്റി സ്ഥാപനമേധാവി മുൻപാകെ 05.03.2025 തീയതിയിലോ അതിന് മുൻപായോ കർത്തവ്യനിർവ്വഹണത്തിന് ഹാജരാകേണ്ടതാണ്. ടി ജീവനക്കാരുടെ വിടുതൽ/പ്രവേശന വിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ഈ കാര്യാലയത്തെ യഥാവിധി അറിയിക്കേണ്ടതാണ്.
**ടി ജീവനക്കാരുടെ നിയമനം പരാമർശം (5)-ലെ പൊതുസ്ഥലംമാറ്റ സർക്കുലർ പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവിന് വിധേയമായിരിക്കും.**

**SHALIJ P R**
**DIRECTOR**

സ്വീകർത്താവ്,

1. ശ്രീ ദിലീപ് എം, ജൂനിയർ ഇൻസ്ട്രക്ടർ, ഗവ. ഐ ടി ഐ, മലമ്പുഴ.

2. ശ്രീ അഖിൽ കെ ഗോപി, ജൂനിയർ ഇൻസ്ട്രക്ടർ, ഗവ. ഐ ടി ഐ , മാള.

3. ട്രെയ്നിംഗ് ഡയറക്ടർ, വ്യവസായ പരിശീലന വകുപ്പ്, തൊഴിൽ ഭവൻ, വികാസ് ഭവൻ പി . ഓ , തിരുവനന്തപുരം.

4. പ്രിൻസിപ്പാൾ, ഗവ. എഞ്ചിനിയറിംഗ് കോളേജ്, തൃശ്ശൂർ.

5. പ്രിൻസിപ്പാൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & ഗവ. പോളിടെക്നിക് കോളേജ്, ഷൊർണൂർ.

6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 19-02-2025 12:18:43